പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : **1880** 17-03-2015 – ൽ മറുപടിയ്ക്ക്

**മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ സംരക്ഷണത്തിനുള്ള സഹായ നടപടികൾ**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | **ശ്രീ.കെ.ദാസൻ** | | **ശ്രീ. കെ. ബാബു<br>മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി** |
| എ) | സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ ഈയടുത്ത കാലത്തായി മത്സ്യത്തിന്റെ ലഭ്യതക്കുറവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. ഉപരിതല മത്സ്യങ്ങളായ മത്തി, ചാള, ചൂര, നെയ്മീൻ, ആവോലി തുടങ്ങിയവയുടെ ലഭ്യതയിലാണ് പ്രധാനമായും കുറവ് വന്നിരിക്കുന്നത്. |
| ബി) | മത്സ്യലഭ്യത കുറഞ്ഞുവരുന്നതിനാൽ തീരപ്രദേശത്തെ മത്സ്യത്തൊഴിലാളി കുടുംബങ്ങൾ അനുഭവിക്കുന്ന ദാരിദ്ര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ സംരക്ഷണത്തിന് സർക്കാർ അടിയന്തരമായി സഹായ നടപടികൾ അനുവദിക്കുമോ ; | ബി) | ഉണ്ട്. നിലവിൽ മത്സ്യത്തൊഴിലാളികളെ സഹായിക്കുന്നതിനായി ഫിഷറീസ് വകുപ്പ് സമ്പാദ്യ സമാശ്വാസ പദ്ധതി പ്രകാരം മത്സ്യഗ്രാമ അടിസ്ഥാനത്തിൽ ഗുണഭോക്താക്കളിൽ നിന്നും പ്രതിമാസം 100 രൂപ നിരക്കിൽ 8 മാസം കൊണ്ട് 800 രൂപ ശേഖരിക്കുകയും തുല്യമായ കേന്ദ്രസംസ്ഥാന വിഹിതം കൂടി ചേർത്ത് 2400/-രൂപ പഞ്ഞമാസക്കാലത്ത് ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ മത്സ്യത്തൊഴിലാളി ക്ഷേമനിധി തണൽ പദ്ധതി വഴി വൺ ടൈം ഗ്രാന്റായി 1350/-രൂപയും മത്സ്യത്തൊഴിലാളികൾക്ക് വിതരണം ചെയ്യുന്നുണ്ട്. |

Jeyaram

**സെക്ഷൻ ഓഫീസർ**